# സീനിയർ ബേസ്ബോൾ 23ന്

**ആലുവ**

ജില്ലാ സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് 23ന് രാവിലെ ഒമ്പതിന് ആലുവ യുസി കോളജ് ഗ്രൗണ്ടിൽ ആരംഭിക്കും. പുരുഷ, വനിതാ വിഭാഗങ്ങളിലായി 12 ടീമുകൾ പങ്കെടുക്കും. www.baseballkerala.com എന്ന വെബ്സൈറ്റിലൂടെ കളിക്കാരെയും ടീമിനെയും രജിസ്റ്റർ ചെയ്യണം. ഡിസംബറിൽ നടക്കുന്ന സംസ്ഥാന സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ പുരുഷ, വനിതാ ടീമുകളെ ജില്ലാ ചാമ്പ്യൻഷിപ്പിൽ നിന്ന് തെരഞ്ഞെടുക്കും. ഫോൺ: 9633983798.

# സീനിയർ ജില്ലാ ബേസ്ബോൾ: യാക്ക സ്പോർട്സ് ചാമ്പ്യൻമാർ

**ആലുവ**

യുസി കോളേജിൽ ആരംഭിച്ച സീനിയർ ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ഫോർട്ട് കൊച്ചി യാക്ക സ്പോർട്സ് ചാമ്പ്യൻമാരായി. ആരക്കുന്നം സെന്റ് ജോർജ് ക്ലബ്ബിനെയാണ് പരാജയപ്പെടുത്തിയത്. കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിനാണ് മൂന്നാം സ്ഥാനം. പുരുഷവിഭാഗത്തിൽ ഫോർട്ട് കൊച്ചി പവേഴ്സ് ക്ലബ്ബിനെ പരാജയപ്പെടുത്തി ആലുവ യുസി കോളേജും തിരുവാണിയൂർ സ്റ്റെല്ലമേരീസ് ക്ലബ്ബിനെ പരാജയപ്പെടുത്തി ആലുവ അസ്ലു ഫോർ എവറും ഫൈനലിൽ പ്രവേശിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം കെ ഷാഹുൽ ഹമീദ് വനിതകൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. ചാമ്പ്യൻഷിപ് ഞായറാഴ്ച സമാപിക്കും.




ആലുവ യുസി കോളേജിൽ ആരംഭിച്ച സീനിയർ ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ചാമ്പ്യൻമാരായ ഫോർട്ട് കൊച്ചി യാക്ക സ്പോർട്സ് ടീമിന് ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഷാഹുൽ ഹമീദ് ട്രോഫി സമ്മാനിക്കുന്നു

# അസ്ലു ഫോർ എവർ ചാമ്പ്യൻമാർ



ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗം ചാമ്പ്യൻമാരായ ആലുവ അസ്ലു ഫോർ എവർ ടീം

**ആലുവ**

യുസി കോളേജിൽ നടന്ന ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ ആലുവ അസ്ലു ഫോർ എവർ ചാമ്പ്യൻമാരായി. ആലുവ യുസി കോളേജിനാണ് രണ്ടാംസ്ഥാനം. തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ്ബാണ് മൂന്നാമത്. പുരുഷവിഭാഗത്തിൽ അസ്ലു ഫോർ എവറിന്റെ എ എ അർഷദ് മികച്ച താരമായി. വനിതകളുടേതിൽ ഫോർട്ട് കൊച്ചി യാക്ക സ്പോർട്സിന്റെ കെ ആർ സ്നേഹ മികച്ച താരമായി. സംസ്ഥാന ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ജയ്ജു ബാബു, ജില്ലാ ബാസ്കറ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി റാണ ജെ തളിയത്ത് എന്നിവർ സമ്മാനദാനം നിർവഹിച്ചു. ആലുവ യുസി കോളേജ് കായിക വിഭാഗം മേധാവി ഡോ. എം ബിന്ദു, ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി കെ എൻ നിബിൻ എന്നിവർ സംസാരിച്ചു. ഡിസംബറിൽ നടക്കുന്ന സംസ്ഥാന സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ താരങ്ങളെ തെരഞ്ഞെടുത്തു.

# സീനിയർ ജില്ലാ ബേസ്ബോൾ: യാക്ക സ്പോർട്സ് ചാമ്പ്യൻമാർ

**ആലുവ**

യുസി കോളേജിൽ ആരംഭിച്ച സീനിയർ ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ഫോർട്ട് കൊച്ചി യാക്ക സ്പോർട്സ് ചാമ്പ്യൻമാരായി. ആരക്കുന്നം സെന്റ് ജോർജ് ക്ലബ്ബിനെയാണ് പരാജയപ്പെടുത്തിയത്. കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിനാണ് മൂന്നാം സ്ഥാനം. പുരുഷവിഭാഗത്തിൽ ഫോർട്ട് കൊച്ചി പവേഴ്സ് ക്ലബ്ബിനെ പരാജയപ്പെടുത്തി ആലുവ യുസി കോളേജും തിരുവാണിയൂർ സ്റ്റെല്ലമേരീസ് ക്ലബ്ബിനെ പരാജയപ്പെടുത്തി ആലുവ അസ്ലു ഫോർ എവറും ഫൈനലിൽ പ്രവേശിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം കെ ഷാഹുൽ ഹമീദ് വനിതകൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. ചാമ്പ്യൻഷിപ് ഞായറാഴ്ച സമാപിക്കും.




**ആലുവ യുസി കോളേജിൽ ആരംഭിച്ച സീനിയർ ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ചാമ്പ്യൻമാരായ ഫോർട്ട് കൊച്ചി യാക്ക സ്പോർട്സ് ടീമിന് ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഷാഹുൽ ഹമീദ് ട്രോഫി സമ്മാനിക്കുന്നു**